പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.3592

15.03.2018 ൽ
മറുപടിയ്ക്ക്

പാലക്കാട് നിയോജകമണ്ഡലത്തിലെ യുവജനക്ഷേമ ബോർഡ് പദ്ധതികൾ

ചോദ്യം

ശ്രീ. ഷാഫി പറമ്പിൽ

മറുപടി

ശ്രീ.എ.സി. മൊയ്തീൻ
(വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| | യുവജനക്ഷേമ ബോർഡിന്റെ കീഴിൽ പാലക്കാട് നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ? | | 2017-ലെ സംസ്ഥാനതല കേരളോത്സവത്തിന്റെ കലാ മത്സരങ്ങൾ ഡിസംബർ 21 മുതൽ 24 വരെ പാലക്കാട് ജില്ലയിൽ വച്ച് സംഘടിപ്പിച്ചു.<br><br>സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ബോർഡിന്റെ ആഭിമുഖ്യത്തിൽ യുവജനങ്ങളെ സംഘടിപ്പിച്ചു കൊണ്ട് യുവക്ലബ്ബുകൾ രൂപീകരിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ, അഭിപ്രായ സ്വാതന്ത്ര്യത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള യൂത്ത് കോൺകോഡ് 2018 എന്ന പദ്ധതിയുടെ ഭാഗമായി യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് സൈക്കിൾ റാലി, ആർട്ട് ഡേ ടൂർ ഉൾപ്പെടെ വിവിധ പരിപാടികൾ പുതുതായി നിലവിലുള്ള പദ്ധതികൾക്കു പുറമേ പാലക്കാട് നിയോജകമണ്ഡലത്തിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ